File No.FWLD-F3/349/2017-FWLD

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

വനംവന്യജീവി(എഫ്)വകുപ്പ്

നമ്പർ.എഫ്3/349/2017-വനം. 22/12/2018,തിരുവനന്തപുരം

പ്രേക്ഷകൻ

പ്രിൻസിപ്പൽ സെക്രട്ടറി.

സ്വീകർത്താവ്

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.

സർ,

വിഷയം:- വനംവന്യജീവി വകുപ്പ്-ശ്രീ. ഒ.എൻ. സദാശിവന് സമയബന്ധിത ഹയർ ഗ്രേഡ് നൽകുന്നത്- സംബ:-

സൂചന:- താങ്കളുടെ 30.05.2018 ലേയും, 26.09.2018 ലേയും ഡി4-5291/2017 നം. കത്തുകൾ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കെ.എസ് & എസ്.എസ്.ആർ, ഭാഗം - 1, ചട്ടം - 2 പ്രകാരം 'promotion' എന്നത് ഒരേ സർവ്വീസിൽപെട്ട ഒരു തസ്തികയിൽ നിന്ന് ഉയർന്ന തസ്തികയിലേക്കുള്ള നിയമനമാണ്. ബൈട്രാൻസ്ഫർ എന്നത് ഒരു സർവ്വീസിലേക്ക് മറ്റൊരു സർവ്വീസിൽനിന്നുള്ള നിയമനമാണ്. ഈ സാഹചര്യത്തിൽ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസിൽപെട്ട ഡെപ്യൂട്ടി റേഞ്ചർ തസ്തികയിൽനിന്ന് ഫോറസ്റ്റ് സർവ്വീസിൽപെട്ട റേഞ്ചർ തസ്തികയിലേക്കുള്ള നിയമനം ബൈട്രാൻസ്ഫർ ആയിട്ടാണ് കണക്കാക്കേണ്ടത്. ശ്രീ. സദാശിവന് ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും, ബൈട്രാൻസ്ഫർ മുഖേനയാണ് റേഞ്ചർ തസ്തികയിലേക്കുള്ള നിയമനം ലഭിച്ചതെന്നതിനാൽ ആയത് പ്രൊമോഷനല്ല. പ്രൊമോഷനല്ലാത്തതിനാൽ ടിയാന് നിലവിലെ റെയ്ഞ്ച് ഓഫീസർ തസ്തികയിൽ 8 വർഷസേവനം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗ്രേഡ് അനുവദിച്ച നല്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

ACF_ FMCS



വിശ്വസ്തതയോടെ,
എസ്.പ്രവീണ്
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signature valid
Digitally signed by SAJEEVAN M K
Date: 2018.12.26 10:06:51 IST
Reason: Approved

സെക്ഷൻ ഓഫീസർ.